# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3778

## 21-06-2019 ൽ മറുപടിക്ക്

## <u>മസാല ബോണ്ടിന്റെ ക്ലിയറിംഗ് ഹൗസ് ഏജന്റുമാർ</u>

| ചോദ്യം<br>ശ്രീ. എ.പി. അനിൽ കുമാർ | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കിഫ്ബി മസാല ബോണ്ടിന്റെ ക്ലിയറിംഗ് ഹൗസ് ഏജന്റുമാർ ആരെല്ലാമെന്നും അവരുടെ ഫീസ് എത്രയെന്നും വിശദമാക്കുമോ;<br>(ബി) എച്ച്.എസ്.ബി.സി. മസാല ബോണ്ടുമായി ബന്ധപ്പെട്ട ഏതെല്ലാം ജോലികളാണ് ഏറ്റെടുത്തിരിക്കുന്നത്;<br>(സി) എച്ച്.എസ്.ബി.സി.യെ തെരഞ്ഞെടുക്കുവാനുള്ള കാരണം വിശദമാക്കുമോ;<br>(ഡി) ഇവരെ കൂടാതെ വേറെ ഏതെങ്കിലും ബാങ്ക് ഈ ജോലി ചെയ്യുവാൻ സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | യൂറോക്ലിയർ, ക്ലിയർസ്ട്രീം എന്നീ ക്ലിയറിങ് ഹൗസുകളാണ് കിഫ്ബിയുടെ മസാലബോണ്ടിൽ ആ മേഖലയിൽ പ്രവർത്തിച്ചത്. കിഫ്ബിയുടെ മസാല ബോണ്ടിന്റെ ട്രസ്റ്റി, പ്രിൻസിപ്പൽ പേയിങ് ഏജന്റ്, രജിസ്ട്രാർ, ട്രാൻസ്ഫർ ഏജന്റ് എന്നീ നിലകളിൽ പ്രവർത്തിച്ച എച്ച്.എസ്.ബി.സിയാണ്ടി സ്ഥാപനങ്ങളെ ഏർപ്പെടുത്തിയത്. ക്ലിയറിങ് ഹൗസുകളുമായുള്ള ഇടപാടുകളും എച്ച്.എസ്.ബി.സി മുഖേനയാണ് നടത്തിയത്. കിഫ്ബിയുടെ മസാല ബോണ്ടിന്റെ ട്രസ്റ്റിയെ കണ്ടെത്തിയത് പ്രസ്തുത മേഖലയിൽ പ്രമുഖരായ ബാങ്കുകൾക്കിടയിൽ നടത്തിയ ഒരു ബിഡ്ഡ് നടപടിക്രമത്തിലൂടെയായിരുന്നു. എച്ച്.എസ്.ബി.സിയെ കൂടാതെ സിറ്റി ബാങ്ക്, ഡോയ്ഷ് ബാങ്ക്, ബാങ്ക് ഓഫ് ന്യൂയോർക്ക് മെലോൺ എന്നിവരും ബിഡ്ഡുകൾ സമർപ്പിച്ചിരുന്നു. തുടർന്ന് ഏറ്റവും കുറഞ്ഞ തുകയ്ക്ക് ബിഡ്ഡ് സമർപ്പിച്ച എച്ച്.എസ്.ബി.സി യെ തെരഞ്ഞെടുക്കുകയായിരുന്നു. പ്രസ്തുത സർവീസുകളിലേക്കായി നാളിതുവരെ 7500 യു.എസ് ഡോളർ എച്ച്.എസ്.ബി.സിക്കു നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ